പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3861 24-06-2014 -ൽ മറുപടിക്ക്.

## നവീന ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ<br>,, എം.വി. ശ്രേയാംസ് കുമാർ<br>,, ഡോ. എൻ. ജയരാജ് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നവീന ഭവന പദ്ധതി എന്നാണ് നിലവിൽ വന്നത്; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യസാക്ഷാൽക്കാരത്തിനായി ഇതുവരെ എന്തെല്ലാം ചെയ്യാൻ സാധിച്ചു; | (എ) 2008-2009 സാമ്പത്തിക വർഷത്തിലാണ് ഈ പദ്ധതി നിലവിൽ വന്നത്. നഗരത്തിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ വാടകയ്ക്ക് ലഭ്യമാക്കുന്ന വാടകവീട് പദ്ധതിയാണ് ഇന്നൊവേറ്റീവ് ഭവന പദ്ധതി.<br>ടി പദ്ധതി പ്രകാരം താഴെപ്പറയുന്ന സ്ഥലങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിച്ചിട്ടുണ്ട്.<br>(i) 2008 -2009 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലൂടെ നൽകിയ 250 ലക്ഷം രൂപ വിനിയോഗിച്ച് തിരുവനന്തപുരത്ത് പൂജപ്പുരയിൽ Phase-1 ആയി 16 ഫ്ളാറ്റുകളും, എറണാകുളത്ത് തൃക്കാക്കരയിൽ 36 ഫ്ളാറ്റുകളും നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്.<br>(ii) 2010 -11 സാമ്പത്തിക വർഷത്തെ സർക്കാർ ബഡ്ജറ്റിലൂടെ |

നൽകിയ 250 ലക്ഷം രൂപ വിനിയോഗിച്ച് തിരുവനന്തപുരത്ത് പൂജപ്പുരയിൽ phase- II ആയി 24 ഫ്ളാറ്റുകളും, തൃശ്ശൂർ കുട്ടനെല്ലൂരിൽ phase-1 ആയി 24 ഫ്ളാറ്റുകളും നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്.

(iii) 2011-12 വർഷത്തെ സർക്കാർ ബഡ്ജറ്റിലൂടെ നൽകിയ 400 ലക്ഷം രൂപ വിനിയോഗിച്ച് തൃശ്ശൂർ കുട്ടനെല്ലൂരിൽ phase- II ആയി 24 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലും, കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം phase - 1 ആയി 24 ഫ്ളാറ്റുകളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. ഫ്ളാറ്റുകളുടെ, അലോട്ട്മെന്റ് ഉടനെ പൂർത്തീകരിക്കുന്നതാണ്.

(iv) 2012-2013 സാമ്പത്തിക വർഷത്തെ സർക്കാർ ബഡ്ജറ്റിലൂടെ നൽകിയ 400 ലക്ഷം രൂപ വിനിയോഗിച്ച് തൃശ്ശൂർ കുട്ടനെല്ലൂരിൽ phase- IIIആയി 24 ഫ്ളാറ്റുകളും, കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം phase - II ആയി 16 ഫ്ളാറ്റുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഫ്ളാറ്റുകളുടെ അലോട്ട്മെന്റ് ഉടനെ നടത്തുന്നതാണ്.

(v) 2013-14 സാമ്പത്തിക വർഷത്തെ സർക്കാർ ബഡ്ജറ്റിലൂടെ നൽകിയ 300 ലക്ഷം രൂപ വിനിയോഗിച്ച് തിരുവനന്തപുരത്ത് പൂജപ്പുരയിൽ 24 ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ബി) | നടപ്പു സാമ്പത്തികവർഷം പ്രസ്തുത ഭവന പദ്ധതി പ്രകാരം നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | നടപ്പു സാമ്പത്തിക വർഷം സർക്കാർ ബജറ്റിൽ വകയിരുത്തിയിട്ടുള്ള 400 ലക്ഷം രൂപ വിനിയോഗിച്ച് തിരുവനന്തപുരത്ത് പൂജപ്പുരയിൽ 24 ഫ്ളാറ്റുകൾ നിർമ്മിക്കുവാനുദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പദ്ധതിയ്ക്കായി അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ